# സോപ്പ് നിർമ്മാണം ആയുധമാക്കി ചെറുത്തുനില്പിന്റെ ജനകീയമുഖം

സുനിൽ. സി.എൻ.

കേരളത്തിൽ വ്യാപകമാകുന്ന പ്രാദേശികസോപ്പ് നിർമ്മാണം ചെറുത്തുനിൽപ്പിന്റെ ജനകീയമുഖമാകുന്നു. കുത്തകകൾ ഉൾപ്പെടെയുള്ള സോപ്പ് നിർമ്മാണകമ്പനികൾക്ക് പ്രാദേശികസോപ്പ് നിർമ്മാണം തലവേദന സൃഷ്ടിച്ചുതുടങ്ങിയതായാണ് സൂചനകൾ.

ആഗോളവൽക്കരണത്തിനെതിരെയുള്ള ജനകീയ കൂട്ടായ്മയുടെ പ്രതീകമായി ഇത്തരം സോപ്പ് നിർമ്മാണം മാറിക്കഴിഞ്ഞു. സ്വാശ്രയത്വത്തിന്റേയും സ്വദേശി ഉല്പന്ന ഉപഭോഗത്തിന്റേയും ഉശിരൻ മാതൃകകളായി പ്രാദേശിക സോപ്പ് നിർമ്മാണത്തെ കേരളസമൂഹം അംഗീകരിച്ചു കഴിഞ്ഞതോടെ വൻ ആവേശമാണ് ഈ മേഖലയിലുണ്ടായിട്ടുള്ളത്.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പല സംഘടനകളുടെ നേതൃത്വത്തിൽ സോപ്പുനിർമ്മാണത്തിന് വ്യാപകമായ പ്രചാരണം നൽകിവരികയാണ്. കേരള ശാസ്ത്രസാഹിത്യപരിഷത്ത്, ഹരിതമൈത്രി (അങ്കമാലി), ഹരിത ഡെവലപ്മെന്റ് അസോസിയേഷൻ (പാലക്കാട്), മലനാട് ഡെവലപ്മെന്റ് സൊസൈറ്റി, ഫാർമേഴ്സ് റിലീഫ് ഫോറം, ഗാന്ധിഗ്രാം (വയനാട്) തുടങ്ങി ഒട്ടേറെ പ്രസ്ഥാനങ്ങൾ സോപ്പ്/സോപ്പുപൊടി നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നുണ്ട്. കേവലം സോപ്പുനിർമ്മാണത്തിലുപരി സോപ്പിന്റെ രാഷ്ട്രീയം കൂടി പ്രചരിപ്പിക്കാൻ ഇവരൊക്കെ ശ്രദ്ധ വയ്ക്കുന്നു എന്നതാണ് പ്രധാനം.

വീട്ടിൽതന്നെ നിർമ്മിക്കാമെന്നതും, വെളിച്ചെണ്ണയിൽ നിർമ്മിക്കുന്നു എന്നതും സോപ്പിനെ അടുത്തറിയാൻ സാധിക്കുന്നു എന്നതും പ്രാദേശിക സോപ്പ് നിർമ്മാണത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്ന ഘടകങ്ങളാണ്. വൻകിട കമ്പനികളുടെ സോപ്പുകളിൽ ഏതാണ്ട് 5% മാത്രമേ വെളിച്ചെണ്ണ സോപ്പ് ഉള്ളൂ എന്നത് ഇതിന്റെ ഗൗരവം കൂട്ടുന്നു. വെളിച്ചെണ്ണ ഉപഭോഗത്തിന്റെ വർദ്ധനവ് വഴി നാളികേരകർഷകന്റെ പ്രതിസന്ധിക്ക് അല്പം ആശ്വാസം നൽകാനാകുന്നു എന്നതും ആശാവഹമാണ്.

പ്രാദേശിക വനിതാസംഘങ്ങൾ വഴി പലയിടത്തും സോപ്പ്/സോപ്പുല്പന്ന നിർമ്മാണങ്ങൾ നടന്നുവരുന്നുണ്ട്. ഉല്പാദനവും വിതരണവും അവർതന്നെ നേരിട്ട് നടത്തുന്നു. വിവിധ നിറത്തിലും മണത്തിലുമുള്ള സോപ്പുകൾക്കു പുറമേ സോപ്പുപൊടി, തുള്ളിനീലം എന്നിവയുടെ നിർമ്മാണവും ഇവർ നടത്തുന്നുണ്ട്. നിർമ്മാണപരിശീലനങ്ങൾക്കും ഇവർ നേതൃത്വം കൊടുക്കുന്നുണ്ട്.

ഇതിനുപുറമേ, പ്രാദേശിക സോപ്പുകമ്പനികളുടെ മുന്നേറ്റവും ഈ രംഗത്തുണ്ട്. സോപ്പ് നിർമ്മിക്കുന്ന കേരളീയകമ്പനികളുടെ എണ്ണം ഇന്നു കൂടി വരികയാണ്. മുൻകാലങ്ങളിൽ മിഠായി കമ്പനികൾ, കേബിൾ വിതരണം തുടങ്ങിയവയിൽ ശ്രദ്ധയൂന്നിയിരുന്ന പ്രവാസി മലയാളികൾ പോലും ഇപ്പോൾ സോപ്പ്/സോപ്പുല്പന്ന കമ്പനികൾ തുടങ്ങുവാനാണ് ആവേശം കാണിക്കുന്നത്.

ഇത്തരം മുന്നേറ്റങ്ങൾ വൻകിട കമ്പനികൾക്ക് ഭീഷണിയാകുന്നു എന്നതുതന്നെയാണ് വസ്തുത. ഒരു കുത്തകകമ്പനിയുടെ സോപ്പ് വില്പനയിൽ അഞ്ചു ശതമാനത്തോളം കുറവുണ്ടായതായി മെയ് മാസത്തിൽ പ്രസിദ്ധീകരിച്ച അവരുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. പുത്തൻ മാർക്കറ്റിംഗ് തന്ത്രങ്ങളുമായി സോപ്പുനിർമ്മാണ പ്രസ്ഥാനത്തെ തകർക്കുവാനാണ് വൻകിട കമ്പനികളുടെ ഇപ്പോഴത്തെ ശ്രമം. സ്ത്രീ സംഘങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന സോപ്പുകൾ ഏറ്റെടുത്ത് വിതരണം ചെയ്യുന്നതിനു ചില കമ്പനികൾ സന്നദ്ധത പ്രകടിപ്പിക്കുന്നുണ്ടത്രേ. കേരള ശാസ്ത്ര സാഹിത്യ പരിഷത്തിനുപോലും ഇത്തരം വാഗ്ദാനങ്ങൾ ഒരു കമ്പനിയിൽ നിന്നും ലഭിച്ചെന്നും, എന്നാൽ അത് തങ്ങൾ തള്ളിക്കളയുകയായിരുന്നുവെന്നും പരിഷത്ത് ഭാരവാഹികൾ പറയുന്നു.

ആഗോളവൽക്കരണത്തിനെതിരെ പ്രയോഗികസമരം എന്ന നിലയിൽ പ്രചരിക്കുന്ന പ്രാദേശിക സോപ്പ് നിർമ്മാണം ഏറെ സംഘടിതമാകേണ്ട ഒരു അവസ്ഥയാണ് ഇപ്പോൾ നിലവിലുള്ളത്. പ്രസ്ഥാനത്തിന്റെ ഗൗരവം എതിരാളികൾ തിരിച്ചറിഞ്ഞു കഴിഞ്ഞു എന്നത് വിരൽ ചൂണ്ടുന്നത് ഇതിലേക്കു തന്നെയാണ്. ഈ രംഗത്തു പ്രവർത്തിക്കുന്ന സംഘടനകളുടെ കൂട്ടായ്മയാണ് ഇനി അനിവാര്യമായിട്ടുള്ളത്.